## പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.712      27.04.2017 ന് മറുപടിയ്ക്ക്.

### വന്യജീവികളുടെ ഉപദ്രവങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി.ജോർജ്ജ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ)കേരളത്തിലെ വിവിധ സ്ഥലങ്ങളിലെ പാവപ്പെട്ട കർഷകരുടെ കൃഷി നശിപ്പിക്കുന്നതും ജനങ്ങളെ ഉപദ്രവിക്കുന്നതുമായ കുരങ്ങൻ, കാട്ടുപന്നി മുതലായ ചെറുതും വലുതുമായ വന്യജീവികളെ കൊല്ലുന്നതിന് അനുകൂലമായ എന്തെങ്കിലും സർക്കാർ ഉത്തരവ് നിലവിലുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) ഇത്തരത്തിൽ വന്യജീവികളെ കൊല്ലുന്നതിന് നിലവിൽ ഉത്തരവുകളൊന്നുമില്ല. |
| (ബി) ഇല്ലെങ്കിൽ ഇതിനെക്കുറിച്ച് പഠിച്ച് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നവിധം അനുകൂലമായ ഉത്തരവ് നടപ്പാക്കാൻ നടപടികൾ സ്വീകരിയ്ക്കുമോ? | (ബി) കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് നിലവിലുണ്ടായിരുന്ന സർക്കാർ ഉത്തരവ് (എം.എസ്) നം.95/2014/വനം തീയതി 17.11.2014-ന്റെ കാലാവധി അവസാനിച്ചതിനെത്തുടർന്ന് കാലാവധി നീട്ടിക്കൊണ്ട് പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ 07.02.2017-ലെ സർക്കാർ ഉത്തരവ് (സാധാ) നം.51/2017/വനം പ്രകാരം മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി പഞ്ചായത്ത് മുനിസിപ്പാലിറ്റി തലത്തിൽ തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാസമിതികൾ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ